# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 18 No. 04 | PUBLISHED FROM DELHI | PRICE Rs. 3/- | MAY 2014


## ഐ.സി.എം. 24-ാം വാർഷികവും സംയുക്താരാധനയും

**ഡൽഹി:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ഇരുപത്തിനാലാം വാർഷികത്തോടനുബന്ധിച്ച് ഡൽഹി റീജൻ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്താരാധന 2014 ഏപ്രിൽ 27ന് കിംങ്ങ്സ് വേ ക്യാമ്പ് സഭാഹാളിൽ വച്ച് നടന്നു. ഡൽഹി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിനോയി പി. ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൽക്കാജി സഭാശുശ്രൂഷകൻ പാസ്റ്റർ ടി.ഡി. സുധാകരൻ സങ്കീർത്തന പ്രബോധനം നിർവ്വഹിച്ചു. റീജനിലെ എല്ലാ കുഞ്ഞുങ്ങൾക്കും സാക്ഷ്യം പറയുവാൻ അവസരം നൽകി. തുടർന്ന് സഭാപ്രതിനിധികൾ സാക്ഷ്യം പ്രസ്താവിച്ചു.

സുവിശേഷകൻ സാംസൺ സാമുവൽ മുഖ്യ സന്ദേശം നൽകി. ഉയർപ്പിന്റെ ശക്തി പ്രാപിച്ച് അതിൽ ദൈനംദിനം ജീവിക്കുന്നവരാകണം വിശ്വാസികൾ എന്ന് അദ്ദേഹം പ്രസ്താവിച്ചു. കർത്താവിന്റെ നാല് യെരുശലേം പ്രവേശനങ്ങളെക്കുറിച്ച് പഠിച്ചാൽ പ്രത്യേകമായ നാല് ദർശനങ്ങൾ പ്രാപിക്കുവാൻ കഴിയും. സകല ജാതികൾക്കുമുള്ള രക്ഷയായും പരിജ്ഞാനമായും രാജാധിരാജാവായും മണവാളനായും ഉള്ള പ്രവേശനം. മണവാളനായി ക്രിസ്തു വെളിപ്പെടുമ്പോൾ അവനെ എതിരേൽക്കണമെങ്കിൽ ഉയിർപ്പിൻ ശക്തി നമ്മിൽ വ്യാപരിക്കേണം. ഉയിർപ്പിൻ ശക്തി പ്രാപിക്കുവാൻ നാം എപ്പോഴും തയ്യാറായിരിക്കേണം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

തുടർന്ന് കഴിഞ്ഞ 24 വർഷം മിഷനെ കർത്താവ് നടത്തിയ വിധങ്ങൾ ഐ.സി. എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി വിവരിച്ചു. ദൈവീക കരം അനുകൂലമായിരുന്ന നെഹമ്യാവ് യെരുശലേമിന്റെ മതിൽ പണിയുവാൻ ആരംഭിച്ചപ്പോൾ ജനം അവനോട് ചേർന്ന് ഒരുമനപ്പെട്ട് കൈത്താങ്ങൽ നൽകിയതുപോലെ തുടർന്നുള്ള ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങൾക്ക് ദൈവജനത്തിന്റെ അകമഴിഞ്ഞ പ്രാർത്ഥനയും പ്രവർത്തന സന്നദ്ധതയും ആവശ്യമാണെന്ന് ദൈവദാസൻ ഓർമ്മിപ്പിച്ചു. കഴിഞ്ഞ വർഷങ്ങളിൽ തന്നോടൊപ്പം വിവിധ നിലകളിൽ മിഷനോട് ചേർന്ന് പ്രവർത്തിക്കുന്ന എല്ലാ പ്രവർത്തകരേയും പുതുവർഷത്തിലെ പ്രവർത്തന പദ്ധതിയേയും ദൈവകരങ്ങളിൽ സമർപ്പിച്ച് പാസ്റ്റർ സാമുവൽകുട്ടി പ്രാർത്ഥിച്ചു. തുടർന്ന് നടന്ന തിരുവത്താഴ ശുശ്രൂഷയ്ക്കും അദ്ദേഹം നേതൃത്വം നൽകി.



പാസ്റ്റർ എം. സാമുവൽകുട്ടി വാർഷിക യോഗത്തിൽ സംസാരിക്കുന്നു. പാ.ബിനോയ് പി. ജോൺ, ബിനു ജോൺ, സാംസൺ സാമുവൽ എന്നിവർ വേദിയിൽ

## ഏകദിന സെമിനാർ

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആഭിമുഖ്യത്തിൽ 2014 മാർച്ച് 12 ബുധനാഴ്ച അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽവച്ച് ആരാധനയും പ്രസംഗവും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷനായിരുന്ന സെമിനാർ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്തു. ആരാധനയുടെ ആവശ്യകത, അടിസ്ഥാന തത്വം, ആരാധന എന്നാൽ എന്ത് എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി പാസ്റ്റർ എം. സാമുവൽകുട്ടി, സുവി. സാംസൺ സാമുവൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഫലപ്രദമായ പ്രസംഗം എങ്ങനെ തയ്യാറാക്കി അവതരിപ്പിക്കാം എന്നതിനെകുറിച്ച് സിസ്റ്റർ ശ്രവന്തി സാംസൺ ക്ലാസ്സെടുത്തു. ഗ്രൂപ്പ് ചർച്ചകൾ, പ്രാക്ടിക്കൽ സ്റ്റഡീസ് എന്നിവയും നടത്തപ്പെട്ടു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ശുശ്രൂഷകരും ബൈബിൾ കോളജ് വിദ്യാർത്ഥികളും സെമിനാറിൽ സംബന്ധിച്ചു.




സെമിനാറിൽ സിസ്റ്റർ ശ്രവന്തി സാംസൺ ക്ലാസ്സെടുക്കുന്നു. പരിഭാഷ പാസ്റ്റർ എം. സാമുവൽകുട്ടി

## എഫ്.സി.ബി.സി. 9-ാം ബാച്ച് ജൂണിൽ ആരംഭിക്കുന്നു

**അടൂർ:** 2006 ജൂൺ 10ന് ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ നേതൃത്വത്തിൽ പത്തനംതിട്ടയിലെ അടൂർ പട്ടണത്തിൽ ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഒമ്പതാമത് അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ആറു ബാച്ചുകളിലായി എൺപ്പത്തിമൂന്ന് വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് സുവിശേഷ വയലിലേക്കയക്കുവാൻ എഫ്.സി.ബി.സിക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്.സി.റ്റി.എച്ച്, ഡി.റ്റി.എച്ച്, ബി.റ്റി.എച്ച് കോഴ്സുകളുടെ പുതിയ ബാച്ച് ജൂൺ 8 ഞയറാഴ്ച പ്രാർത്ഥിച്ചാരംഭിക്കും.

എഫ്.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട, മല്ലശ്ശേരി പൂങ്കാവ് സി.എം.എസ്. സ്കൂളിന് സമീപം തുണ്ടുവിളയിൽ ബിൽഡിംഗിൽ വച്ച് 2013 ജൂൺ 10 മുതൽ നടന്നു വരുന്ന എക്സ്റ്റൻഷൻ സായാഹ്ന കോഴ്സിൽ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെയായിരിക്കും ക്ലാസ്സുകൾ നടക്കുന്നത്. എഫ്.സി.ബി.സിയിലെ പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കും. ഈ കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് സി.റ്റി.എച്ച്. സർട്ടിഫിക്കേറ്റ് ലഭിക്കും. തദ്ദേശവാസികൾക്ക് ദൈവവചനം ക്രമീകൃതമായി പഠിക്കുവാനുള്ള ഒരു സുവർണ്ണാവസരമായിരിക്കും ഇത്. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. താൽപ്പര്യമുള്ളവർ ഈ ഫോൺ നമ്പരുകളിൽ വിളിക്കുക. 9961813058, 9946555707.

## സംഗീത സായാഹ്നം നടന്നു

***അടൂർ:*** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ കോന്നി - പൂങ്കാവ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആഭിമുഖ്യത്തിൽ 2014 ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച വൈകിട്ട് 5.30 മുതൽ 9 മണിവരെ പൂങ്കാവ് വൈ.എം.സി.എ. ഹാളിൽ വച്ച് സംഗീതസായാഹ്നവും വചന ശുശ്രൂഷയും നടത്തപ്പെട്ടു.

ക്രൈസ്തവ സംഗീത ലോകത്തെ പ്രതിഭകളും പ്രശസ്തരുമായ ജോസ്ദാനം, സുനിൽ സോളമൻ, ഡേവിഡ് സാം, ജോൺസൺ, ഹരി പന്തളം എന്നിവർ പശ്ചാത്തല സംഗീതമൊരുക്കിയ സായാഹ്നത്തിൽ പാസ്റ്റർ ബൻസി ജോർജ്, പാസ്റ്റർ ബോബി പി.ജോൺ, സാംസൺ സാമുവൽ, റെജിസാമുവൽ, ജോമോൻ, പോൾസൺ, പാസ്റ്റർ വിനോദ്, മനോജ്, സോണിയാ സാമുവൽ എന്നിവർ ഗാനങ്ങളാലപിച്ചു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത ഗാനസന്ധ്യയിൽ പാസ്റ്റർ മനോജ് തമ്പി മുഖ്യസന്ദേശം നൽകി. പാസ്റ്റർ സുമേഷ് പി.ലാസർ (ഡീൻ, എഫ്.സി.ബി.സി) സ്വാഗതവും പാസ്റ്റർ റെജി എൻ. ജെ. നന്ദിയും പറഞ്ഞു.

2013 ജൂൺമുതൽ പൂങ്കാവിൽ പ്രവർത്തിക്കുന്ന ഈ ബൈബിൾ കോളജിൽ 12 വിദ്യാർത്ഥികൾ പഠിക്കുന്നു. പുതിയ ബാച്ച് 2014 ജൂൺ 9ന് ആരംഭിക്കുന്നു.



സംഗീതസായാഹ്നത്തിൽ പാസ്റ്റർ ബോബി പി. ജോൺ, സോണിയാ സാമുവൽ, മനോജ്, പോൾസൺ എന്നിവർ ഗാനമാലപിക്കുന്നു

***ഉൾപേജുകളിൽ...***


യേശുക്രിസ്തുവിന്റെ ശ്രേഷ്ഠത: പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)
ഒരു ജന്മദിനത്തിന്റെ ഓർമ്മയ്ക്ക്: പാസ്റ്റർ മനോജ് തമ്പി (അടൂർ)
ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുള്ള പ്രസക്തി (തുടർച്ച) : ഷിബു തമ്പി (ഡൽഹി)
കനക കാന്തി പരത്തുന്ന ഗാനങ്ങൾ : ഇവാ. ജോൺ സാമുവൽ(മണക്കാല)

പത്രാധിപ ലേഖനം.......

# യേശുക്രിസ്തുവിന്റെ ശ്രേഷ്ടത



പതിമൂന്നദ്ധ്യായങ്ങളും 303 വാക്യങ്ങളുമടങ്ങിയ വേദപുസ്തകത്തിലെ 58ാമത്തെ പുസ്തകമായ എബ്രായർക്ക് എഴുതിയ ലേഖനം അഞ്ചാമത്തെ സുവിശേഷം എന്നു വിളിക്കപ്പെടുന്നു. മറ്റ് നാല് സുവിശേഷങ്ങളും ക്രിസ്തുവിന്റെ ഐഹിക പ്രേക്ഷിത പ്രവൃത്തിയെ വിവരിക്കുമ്പോൾ ഇത് സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തു നിന്നുള്ള ശുശ്രൂഷയെ വിവരിക്കുന്നു. നമ്മുടെ രക്ഷകന്റെ മഹത്വം ഈ ലേഖനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെയാണ് നാം നോക്കുന്നത്. അവൻ സ്വർഗ്ഗത്തിൽ മഹിമയും മാനവും അണിയിക്കപ്പെട്ടവനാണ്.

എബ്രായർ എന്ന വാക്കിന് മറുകര കടന്നവർ എന്നാണർത്ഥം. എബ്രായർക്ക് എഴുതിയ ലേഖനം യെരുശലേമിലുള്ള, വിശ്വാസത്തിൽ പതറിക്കൊണ്ടിരുന്ന യഹൂദ ക്രിസ്ത്യാനികൾക്കുവേണ്ടി എഴുതപ്പെട്ടതാണ്. തങ്ങളെ പീഡിപ്പിച്ചവരിൽ നിന്നും വീണ്ടും നിന്ദയും പരിഹാസവും നേരിടേണ്ടി വന്നപ്പോൾ, ക്രിസ്ത്യാനിത്വം സ്വീകരിച്ചതിനാൽ തങ്ങൾക്ക് യാഗപീഠം, പുരോഹിതന്മാർ, യാഗങ്ങൾ തുടങ്ങിയ സകലവും നഷ്ടമായി എന്നവർ ചിന്തിക്കുവാൻ തുടങ്ങി. ക്രിസ്തു മാർഗ്ഗത്തിൽ പ്രത്യക്ഷമായി കാണാൻ ഒന്നുമില്ലായിരുന്നു. യേശുക്രിസ്തു എത്രയും വേഗം മടങ്ങിവരും എന്ന പ്രതീക്ഷയിലാണ് അവർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചത്. ഇതെല്ലാം യഹൂദ മതത്തിലേക്ക് മടങ്ങിപ്പോകാൻ അവരെ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെല്ലാം ക്രിസ്തുവിൽ നിവൃത്തിയായിരിക്കയാൽ പഴയനിയമകർമ്മാചാരങ്ങൾ ഇനി ആവശ്യമില്ലെന്ന് അവരെ മനസിലാക്കുവാൻ ലേഖകൻ ശ്രമിക്കുന്നു. പഴയനിയമത്തിൽ യഹൂദന്മാരുടെ പൂർവ്വചരിത്രത്തിൽ സംഭവിച്ചതെല്ലാം നിഴലായിരുന്നുവെന്നും ക്രിസ്തു അവയുടെയെല്ലാം നിറവേറലും സാക്ഷാൽ പൊരുളും ആണെന്നും താൻ വിവരിച്ചുകാട്ടുന്നു. കേവലം ഒരു പ്രാഥമിക അറിവിൽ നിന്ന് അവരെ പക്വമായ പരിജ്ഞാനത്തിലേക്ക് നയിക്കുവാൻ ലേഖകൻ ശ്രമിക്കുകയാണ്. യഹൂദാമതത്തിനേക്കാളുപരി ക്രിസ്ത്യാനിത്വത്തിന്റെ ശ്രേഷ്ഠത അദ്ദേഹം അവരെ വരച്ചുകാണിക്കുകയാണിവിടെ. ക്രിസ്തു പഴയനിയമ പ്രവാചകന്മാരെക്കാൾ, ദൂതന്മാരെക്കാൾ, മോശെയെക്കാൾ, അഹരോനെക്കാൾ, യോശുവയെക്കാൾ, ലേവി പൗരോഹിത്വത്തെക്കാൾ, പഴയനിയമത്തെക്കാൾ, വിശ്വാസവീരന്മാരെക്കാൾ, ന്യായപ്രമാണത്തെക്കാൾ, മൽക്കിസദേക്കിനെക്കാൾ ശ്രേഷ്ഠൻ എന്നു ലേഖകൻ വ്യക്തമാക്കുന്നു.

ഒന്നാമതായി ലേഖകൻ യേശുവും പ്രവാചകന്മാരും തമ്മിലുള്ള അന്തരം പഠിപ്പിക്കുകയാണ്. പ്രവാചകന്മാർക്ക് ദൈവീക അരുളപ്പാടുകൾ ഭാഗം ഭാഗമായിട്ടും വിവിധമായിട്ടുമാണ് ലഭിക്കപ്പെട്ടത്. ഓരോ പ്രാവാചകനും തന്റെ സ്വന്തം അനുഭവങ്ങളിൽ നിന്നും യിസ്രയേലിന്റെ അനുഭവങ്ങളിൽ നിന്നും ദൈവീക സത്യത്തിന്റെ അംശം മാത്രം ഗ്രഹിച്ച് അത് പ്രകടിപ്പിക്കുകയായിരുന്നു ചെയ്തിരുന്നത്. ആർക്കും ആ സത്യത്തിന്റെ പൂർണ്ണരൂപം ഗ്രഹിക്കുവാനോ, പ്രകടിപ്പിക്കുവാനോ കഴിഞ്ഞിട്ടില്ല. എന്നാൽ യേശുക്രിസ്തു വ്യത്യസ്തനാണ്. അവൻ സത്യത്തിന്റെ ഒരംശമല്ല, അവൻ തന്നെ സത്യമാണ്. അവനിൽ അല്പമായല്ല, മറിച്ച് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. പ്രവാചകന്മാർ വ്യത്യസ്തമായ മാർഗ്ഗങ്ങളാണ് ഉപയോഗിച്ചത്. പ്രധാനമായും വായ്മൊഴിയിലൂടെയാണ് ദൈവീക സന്ദേശങ്ങൾ അവർ അറിയിച്ചിരുന്നത്. അപ്രകാരമുള്ള പ്രഭാഷണങ്ങൾ പരാജയപ്പെടുമ്പോൾ നാടകീയമായ ചില ക്രിയകളിലൂടെ ദൈവീക സന്ദേശങ്ങൾ അവർ കൈമാറിയിരുന്നു. ഇങ്ങനെ പ്രവാചകന്മാർക്ക് ലഭിക്കപ്പെട്ട സത്യത്തിന്റെ അംശത്തെ പ്രകടിപ്പിക്കുവാൻ മാനുഷിക മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടി വന്നു. എന്നാൽ ക്രിസ്തു സ്വയം ദൈവത്തെ പൂർണ്ണമായും വെളിപ്പെടുത്തി. യേശുക്രിസ്തുവിലുള്ള ദൈവിക വെളിപ്പാട് അവനിലൂടെ പരിപൂർണ്ണമായും അവതരിക്കപ്പെട്ടു. പ്രവാചകന്മാരെ ദൈവത്തിന്റെ സുഹൃത്തുക്കൾ എന്നു വിളിക്കാം എന്നാൽ, യേശു അവന്റെ പുത്രനാണ്. ദൈവത്തിന്റെ മനസ്സിനെ അല്പാല്പമായി മാത്രമേ പ്രവാചകർ മനസ്സിലാക്കിയിരുന്നുള്ളു. പക്ഷെ യേശു താൻ ദൈവത്തിന്റെ മനസ്സാണ്. ക്രിസ്തു പ്രവാചകനിലും ശ്രേഷ്ഠനാണ്.

അക്കാലത്തെ യഹൂദന്മാർ കരുതിയിരുന്നത് ദൈവവും മനുഷ്യനുമായി വളരെയധികം ദൂരവും വ്യത്യാസവുമുണ്ടെന്നാണ. ദൈവവും മനുഷ്യനുമിടയിലുള്ള മദ്ധ്യവർത്തികളാണ് ദൂതന്മാർ എന്നവർ വിശ്വസിച്ചിരുന്നു. ദൈവം മനുഷ്യനോട് ദൂതന്മാർ മുഖാന്തിരം സംസാരിക്കുന്നു, മനുഷ്യന്റെ പ്രാർത്ഥന ദൈവത്തിങ്കലേക്ക് വഹിച്ചുകൊണ്ടുപോകുന്നത് ദൂതന്മാരാണെന്ന് അവർ വിശ്വസിച്ചു. കാരണം ദൈവത്തോട് നേരിട്ടുള്ള ആശയവിനിമയം ചിന്താതീതമാണ്. മരിച്ച മനുഷ്യരുടെ ആത്മാവും ദൂതന്മാരും ഒന്നല്ല എന്നു നാം മനസ്സിലാക്കണം. ദൂതന്മാരേക്കാൾ സൃഷ്ടിയിൽ മനുഷ്യൻ വ്യത്യസ്തനാണ്. നാം മരിക്കുമ്പോൾ ദൂതന്മാരായി രൂപാന്തരപ്പെടുന്നില്ല. ദൂതന്മാർ ദൈവത്തിന്റെ മറ്റൊരു സൃഷ്ടിയാണ്. അവർ ഇപ്പോഴും എപ്പോഴും നമ്മുടെ സേവകാത്മാക്കളാണ്. ദൈവം മനുഷ്യനെ പാപത്തിൽ നിന്നും രക്ഷിപ്പാനാഗ്രഹിച്ചപ്പോൾ ഒരു ദൂതനെയല്ല, മറിച്ച് തന്റെ പുത്രനെയാണ് ഈ ഭൂമിയിലേക്കയച്ചത്. ദൈവം ഒരു ദൂതന്റെ വേഷത്തിലല്ല, മറിച്ച്, മനുഷ്യവേഷത്തിലാണവതരിച്ചത്. മനുഷ്യനെ വീണ്ടെടുക്കുവാൻ അവൻ മനുഷ്യനായിത്തീർന്നു. നമ്മുടെ വീണ്ടെടുപ്പിനായി ക്രിസ്തു ഒരു മനുഷ്യനെപ്പോലെ കഷ്ടമനുഭവിച്ചു, മനുഷ്യനെപ്പോലെ തന്നെ മരിച്ചു. യേശു നമുക്കുവേണ്ടി മരണത്തിന്റെ കഠോരത അനുഭവിച്ചറിഞ്ഞു. തന്റെ മരണത്തിലൂടെ മരണാധികാരിയായിരുന്ന പിശാചിന്റെ അധികാരത്തെ തച്ചുടച്ച് മൂന്നാം നാൾ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുമായി ഉയിർത്തെഴുന്നേറ്റു. ഇനി ഒരിക്കലും പിശാചിന് നമ്മേ മരണത്താൽ ബന്ധിക്കുവാൻ കഴിയില്ല. ദൂതന്മാരുടേയും ആരാധ്യനായ ക്രിസ്തു എത്ര ശ്രേഷ്ഠനാണ്.

യഹൂദന്റെ ഹൃദയത്തിൽ മോശെയ്ക്ക് അതുല്യമായ സ്ഥാനമുണ്ട്. ഒരു സുഹൃത്തിനോടെന്നപോലെ മുഖാമുഖം ദൈവം മോശെയോടാണ് സംസാരിച്ചത്. ദൈവത്തിന്റെ നിയമമായ പത്തു കൽപ്പനയുടെ നേരിട്ടുള്ള സ്വീകർത്താവാണ് മോശെ. യഹൂദനെ സംബന്ധിച്ചിടത്തോളം ലോകത്തിലെ ഏറ്റവും വലിയ കാര്യമാണ് ന്യായപ്രമാണം. മോശെയും ന്യായപ്രമാണവും അവർക്കൊരുപോലെയാണ്. ഇവിടെ യേശുവിനെ നോക്കുവാൻ എബ്രായവിശ്വാസികളെ ലേഖകൻ ഉത്ഭോധിപ്പിക്കുന്നു. യേശുവിനെ നോക്കുമ്പോൾ കാണാൻ കഴിയുന്ന രണ്ട് കാര്യങ്ങൾ ഉണ്ടിവിടെ.1, നാം വലിയ അപ്പൊസ്തലനെ കാണുന്നു. പുതിയ നിയമത്തിൽ മറ്റെങ്ങും ആരും യേശുവിനെ അപ്പൊസ്തലൻ എന്നു വിളിച്ചിട്ടില്ല. അപ്പൊസ്തലൻ എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. യവന ഭാഷയിൽ ഇതിനർത്ഥം സ്ഥാനാപതി എന്നാണ്. സ്ഥാനാപതി തന്റെ രാജ്യത്തിന്റെ അധികാരത്തോടും സ്നേഹത്തോടും കരുണയോടുംകൂടെയാണ് കടന്നുപോകുന്നത്. സ്ഥാനാപതിയുടെ വാക്കുകൾ അയച്ച രാജാവിന്റെയും രാജ്യത്തിന്റെയും വാക്കുകൾ തന്നെയാണ്. അതുപോലെ യേശുവും പിതാവായ ദൈവത്തിന്റെ അധികാരത്തോടും ശബ്ദത്തോടും കൂടെയാണ് വന്നത്. അവനിലൂടെ ദൈവം സംസാരിക്കുന്നു. 2, നാം മഹാപുരോഹിതനെ കാണുന്നു. പുരോഹിതൻ എന്നുള്ളതിന്റെ ലത്തീൻ പദം പൊന്തിഫെക്സ് എന്നാണ്. അതിന്റെ അർത്ഥം പാലം പണിയുന്നവൻ എന്നാണ്. ദൈവത്തിനും മനുഷ്യനുമിടയിൽ പാലം പണിയുന്നവനാണ് പുരോഹിതൻ. ഇതു ചെയ്യുവാൻ അവന് ദൈവത്തെയും മനുഷ്യനെയും ശരിയായി അറിയണം. മനുഷ്യനുവേണ്ടി ദൈവത്തോടും ദൈവത്തിനുവേണ്ടി മനുഷ്യനോടും സംസാരിപ്പാൻ കഴിവുള്ളവനായിരിക്കേണം. യേശു പരിപൂർണ്ണനായ മഹാപുരോഹിതനാണ്, കാരണം പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമാണ്. അവന് മനുഷ്യനെ ദൈവത്തിന്റെ മുമ്പിലും ദൈവത്തെ മനുഷ്യരുടെ മുമ്പിലും അവതരിപ്പിക്കുവാൻ കഴിയും. അവനിലൂടെ മാത്രമേ മനുഷ്യന് ദൈവത്തിങ്കലേക്കും ദൈവത്തിന് മനുഷ്യരിലേക്കും വരുവാൻ കഴിയു. മോശെ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നുവെന്ന് ദൈവം പറഞ്ഞിട്ടുണ്ട്. ദൈവഗൃഹം പണിതത് മോശെയല്ല, അവിടെ അവൻ സേവ ചെയ്തു എന്നു മാത്രമേയുള്ളു. ന്യായപ്രമാണത്തിന്റെ നിർമ്മിതാവ് മോശെയല്ല, അവൻ അതിനെ സ്വീകരിച്ചതുമാത്രമേയുള്ളു. മോശെ സ്വയമായി ഒന്നും സംസാരിച്ചില്ല. അവൻ പറഞ്ഞതെല്ലാം യേശു ഒരിക്കൽ സംസാരിക്കുവാൻ പോകുന്ന ശ്രേഷ്ഠകരമായ വാക്കുകളിലേക്കുള്ള ഒരു വിരൽചൂണ്ടൽ മാത്രമായിരുന്നു. ചുരുക്കത്തിൽ മോശെ ഒരു ദാസനായിരുന്നു. പക്ഷെ യേശു പുത്രനാണ്. മോശെ ദൈവത്തെക്കുറിച്ച് അല്പമേ അറിഞ്ഞിരുന്നുള്ളു, എന്നാൽ, യേശു ദൈവമാണ്. അവിടെയാണ് യേശുക്രിസ്തുവിന്റെ മഹത്വത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുന്നത്.

ഒരു പരിപൂർണ്ണനായ മഹാപുരോഹിതനും കുറ്റമറ്റ ഒരു യാഗവുമായിരുന്നു മനുഷ്യന് വേണ്ടിയിരുന്നത്. യേശുക്രിസ്തു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായിരിക്കുന്നതിനാൽ അവൻ പരിപൂർണ്ണനായ മഹാപുരോഹിതനാണ്. അവനിൽ പാപമില്ല. കൂടെക്കൂടെ കഴിക്കപ്പെടുന്ന പാപയാഗത്തിനു പകരമായി ഒരിക്കലായിട്ട് സകല മനുഷ്യന്റെയും പാപത്തിനു പരിഹാരമായി അർപ്പിക്കപ്പെട്ട് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ ഇന്നും നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനായ യേശുക്രിസ്തു എത്ര ശ്രേഷ്ഠനാണ്!

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിയുന്നവരാകുക: പാസ്റ്റർ വിനോദ്

**അടൂർ:** ദൈവജനം പിശാചിന്റെ തന്ത്രങ്ങൾ മനസിലാക്കി ദൈവസന്നിധിയിൽ നിലനില്ക്കേണ്ട കാലഘട്ടമാണിതെന്ന് പാസ്റ്റർ വിനോദ് പ്രസ്താവിച്ചു. ഏപ്രിൽ 26ന് വടശ്ശേരിക്കര സഭയിൽ വച്ച് നടന്ന കേരളാ റീജൻ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ മാസയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരീക്ഷിക്കുകയും അനുകരണത്തിലേക്കു നടത്തുന്നതും ആയ മാധ്യമങ്ങളും, സംശയങ്ങളും ഒക്കെ പിശാചിന്റെ തന്ത്രത്തിന്റെ ഭാഗമാണ്. ജഡമോഹത്താലും കൺമോഹത്താലും ജീവനത്തിന്റെ പ്രതാപത്തിൽ നിന്നും ദുഷ്ടകൂട്ടുകെട്ടിൽ നിന്നും പരീക്ഷ നേരിടുവാനുള്ള സാധ്യതയുണ്ട്. എന്നാൽ ദൈവകൃപയോടെ പിശാചിന്റെ തന്ത്രങ്ങളെ അറിഞ്ഞ് നാം ക്രിസ്തുവിൽ നിലനില്ക്കേണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പാസ്റ്റർ സാം വില്യം അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പാസ്റ്റർ മനോജ് തമ്പി 32-ാം സങ്കീർത്തനത്തിൽ നിന്നും പ്രബോധിപ്പിച്ചു. റീജനിലെ ദൈവദാസന്മാരും വിശ്വാസികളും യോഗത്തിൽ സംബന്ധിച്ചു. സീനിയർ പാസ്റ്റർ ഡി.ജോൺ തിരുവത്താഴ ശുശ്രൂഷ നിർവ്വഹിച്ചു.

# പുതിയ പ്രവർത്തനം ആരംഭിച്ചു

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ പുതിയ പ്രവർത്തനം ശൂരനാട് കണ്ണമം എന്ന സ്ഥലത്ത് മാർച്ച് 15ന് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ കേരളാ റീജനിലെ ശുശ്രൂഷകൻമാർ സംബന്ധിക്കുകയും ആശംസ അറിയിക്കുകയും ചെയ്തു. പാസ്റ്റർ തോമസ്മാത്യു കുടുംബമായി ഇവിടെ ശുശ്രൂഷിക്കുന്നു.



**അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടന്ന വെക്കേഷൻ ബൈബിൾ സ്കൂൾ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ മനോജ് തമ്പി, സിസ്റ്റർ ലിൻസി ബിജു എന്നിവർ വേദിയിൽ**


## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

**മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി**
**1000ൽപരം ഗാനങ്ങൾ**
**കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,**
**പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,**
**സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),**
**സ്നേഹ നിധി (എം. പി. ത്രി)**
**എന്നീ ആഡിയോ സിഡികളും ലഭ്യമാണ്**

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Niwas, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



### വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ഒരു ജന്മദിനത്തിന്റെ ഓർമ്മയ്ക്ക്



**പാസ്റ്റർ മനോജ് തമ്പി**
**മങ്ങാട്**

ആത്മീയധാരയും രാഷ്ട്രീയ നേതാക്കളും ഒരുമിച്ച് റോമൻ ഭരണ ചക്രത്തെ ചലിപ്പിച്ചുകൊണ്ടിരുന്ന കാലം. ദുഷിച്ച പൗരോഹിത്യവും ക്രമരഹിത രാഷ്ട്രീയവും ജനസഹസ്രങ്ങളെ അസാന്മാർഗികതയിലേക്കും, അനാത്മിയതയിലേക്കും നയിച്ചുകൊണ്ടിരുന്ന കാലം. പാപം പാമ്പിൻവിഷം പോലെ സാമൂഹിക സിരകളിലേക്ക് പടർന്ന് തുടങ്ങിയ കാലം, ചരിത്രസ്മരണകൾ ഉറങ്ങിക്കിടന്ന യോർദ്ദാൻ തീരത്ത് മറ്റൊരു ചരിത്രമെഴുതാൻ വ്യത്യസ്ത സന്ദേശവുമായി യോഹന്നാൻ സ്നാപകൻ കടന്നുവന്നു.

യോർദ്ദാൻ നദിയുടെ തീരത്തെ ഭ്രമിപ്പിച്ചൊഴുകിയ വെള്ളത്തെ തടഞ്ഞുനിർത്തിയ ശബ്ദം, വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിച്ച് ഇന്ദ്രിയാനുഭൂതികളെ മരിപ്പിച്ച വ്രതസ്ഥൻ, സുഖസൗകര്യങ്ങൾ ത്യജിച്ച് മരുഭൂമിയെ വാസസ്ഥലമാക്കിയ വാഗ്മി, പൗരോഹിത്യ പാരമ്പര്യത്തിന്റെ അവസാനകണ്ണി, യോഹന്നാൻ സ്നാപകൻ. കപടഭക്തിക്കാരെ സർപ്പ സന്തതികൾ എന്ന് സംബോധന ചെയ്ത അദ്ദേഹത്തിന്റെ വാക്കുകൾ ക്രിസ്തുവിന് വേണ്ടിയുള്ള വഴിഒരുക്കം ആയിരുന്നു. ജീവിതത്തിന്റെ വിവിധ ധ്രുവങ്ങളിലേക്ക് പടർന്ന ഈ അഗ്നിതുല്യ സ്വഭാവം ഹെരോദാ രാജാവിന്റെ കൊട്ടാരത്തിലേക്കും അനുവാദത്തിന് കാത്ത് നിൽക്കാതെ പ്രവേശിച്ചു.

അധികാര കസേരയെ ആർഭാട ജീവിതത്തിനും, അധാർമ്മികതയ്ക്കും വേണ്ടി ഉപയോഗിച്ചിരുന്നവരുടെ പ്രതിനിധിയായിരുന്നു ഹെരോദാവ് എന്ന റോമൻ രാജാവ്. പ്രജാക്ഷേമത്തിൽ താല്പര്യമില്ലാതിരുന്ന അദ്ദേഹം വ്യക്തിതാല്പര്യ സംരക്ഷണത്തിന് പ്രാധാന്യം നൽകിയിരുന്നു. കൊട്ടാരത്തിന്റെ ഉള്ളിൽ സഹോദരഭാര്യയുമായി ശയനമുറി പങ്കിട്ട രാജാവിന് തന്റെ പാപം ദൈവത്തെ മറയ്ക്കുവാൻ കഴിഞ്ഞില്ല. അധികാരത്തിന്റെ അഹംഭാവമെത്തയിൽ അധാർമ്മികതയെ പുതച്ച് കിടത്തിയ ഹെരോദാ രാജാവിനോട് പ്രവചന ശബ്ദമായ യോഹന്നാൻ വിശുദ്ധിയുടെ സന്ദേശം മുഴക്കി. സാമ്രാജ്യത്വശക്തിയുടെ കളിപ്പാവയായിരുന്ന ഹെരോദാവ് സ്വാർത്ഥ താല്പര്യങ്ങൾക്ക് വിഘ്നം വരുത്തുന്നവരെ ക്രൂരമായി കൊലപ്പെടുത്തിയിരുന്നു. ആ കൂട്ടത്തിൽ യോഹന്നാനെയും ഉൾപ്പെടുത്തുവാൻ ശ്രമം നടന്നെങ്കിലും, നീതികൊണ്ടും, വിശുദ്ധികൊണ്ടും അവൻ രക്ഷ നേടി. സുദീർഘ

> അസാധാരണ വേഷം കൊണ്ടും കാർക്കശ്യതയുടെ ഭാഷ കൊണ്ടും തീഷ്ണതയുടെ സന്ദേശം കൊണ്ടും വ്യത്യസ്തനായി രൂപപ്പെട്ട യോഹന്നാൻ തന്റെ മരണത്തിലും വ്യത്യസ്തനായിരുന്നു. പ്രസംഗവേദികൾ ഒരുങ്ങുന്നത് കാത്തുനിൽക്കാതെ നിൽക്കുന്ന സ്ഥലങ്ങൾ വേദികളാക്കി മാറ്റിയ യോഹന്നാൻവർത്തമാന കാല സുവിശേഷകരെ ഇന്നും വെല്ലുവിളിക്കുന്നു

സന്ദേശങ്ങളോ, സുന്ദരവേദികളോ കൈമുതലായില്ലാതിരുന്ന ഇദ്ദേഹത്തിന്റെ ജീവിതം തന്നെ പാപത്തെ വെല്ലുവിളിക്കുന്നതായിരുന്നു.

മഹാരാജാവിന്റെ ജന്മദിനം ആഗതമായി. തിരുമനസ്സിനെ പ്രസാദിപ്പിക്കാൻ കൊട്ടാര സദസ്സിൽ സഹോദരപുത്രിയുടെ നൃത്തം അരങ്ങേറി. വിരുന്നും നൃത്തവും കൊണ്ട് ആനന്ദത്താൽ മതിമറന്ന രാജാവ് നർത്തകിക്ക് എന്ത് വേണമെങ്കിലും നൽകാമെന്ന് വാഗ്ദാനം നൽകി. അപക്വമതിയായ ആ പെൺകുട്ടി മാതൃതാല്പര്യം ആരാഞ്ഞു. പകയുടെ നെരിപ്പോടിൽ പ്രതികാരത്തിന്റെ കനലെരിഞ്ഞു. ലോക ചരിത്രത്തിൽ ആദ്യമായി ഒരു നർത്തകി മനുഷ്യ ശിരസ്സ് സമ്മാനമായി ചോദിച്ചു ആ പെൺകുട്ടിയുടെ മുമ്പിൽ വിഷാദമൂകനായി രാജാവ് നിന്നു. ജന്മദിനാഘോഷം സമാപിച്ചത് കൊലപാതകമെന്ന മഹാപാതകത്തോട് കൂടെയാണ്. സത്യത്തെയും വിശുദ്ധിയെയും ശിരച്ഛേദം ചെയ്തുകൊണ്ട് ലോകം ആഘോഷങ്ങൾക്ക് പിന്നാലെ ഓടുന്നു എന്ന വസ്തുത നാം വിസ്മരിക്കരുത്.

ജീവിതം ആഘോഷമാക്കി മാറ്റുക എന്ന തത്വത്തിന് മുൻഗണന നൽകുന്ന മൂന്നാം തലമുറയ്ക്ക് കലണ്ടറുകൾ ധാരാളം ആഘോഷദിനങ്ങൾ സമ്മാനിക്കുന്നു. ആഘോഷങ്ങളെ ലഹരിപിടിപ്പിക്കുവാൻ മദ്യവും, നഗ്നതാപ്രദർശനവും, അശ്ലീല നൃത്തങ്ങളും ഇന്നത്തെ ലോകം ലജ്ജയില്ലാതെ ഉപയോഗിക്കുന്നു. അസാധാരണ വേഷം കൊണ്ടും കാർക്കശ്യതയുടെ ഭാഷ കൊണ്ടും തീഷ്ണതയുടെ സന്ദേശം കൊണ്ടും വ്യത്യസ്തനായി രൂപപ്പെട്ട യോഹന്നാൻ തന്റെ മരണത്തിലും വ്യത്യസ്തനായിരുന്നു. പ്രസംഗവേദികൾ ഒരുങ്ങുന്നത് കാത്തുനിൽക്കാതെ നിൽക്കുന്ന സ്ഥലങ്ങൾ വേദികളാക്കി മാറ്റിയ യോഹന്നാൻ വർത്തമാന കാല സുവിശേഷകരെ വെല്ലുവിളിച്ചു കൊണ്ട് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. കാലമെന്ന യോർദ്ദാന്റെ കരയിൽ ഇന്നും ആളുകൾ സംഘടിക്കുന്നുണ്ട്. പക്ഷേ പ്രസംഗകർ യോഹന്നാന് പകരം ഹെരോദാക്കന്മാർ ആണെന്നു മാത്രം.

തുടരും

# ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി

(നാലാം പേജിൽ നിന്നും തുടർച്ച)

ധാതുവിൽ നിന്നാണ് അനുസരണത്തെ കുറിക്കുന്ന പദങ്ങൾ ആയ ഷാമാ എന്ന എബ്രായ പദവും ഹുപാകൊയി എന്ന ഗ്രീക്ക് പദവും വന്നിട്ടുള്ളത്. ശ്രദ്ധിക്കുക, കേൾക്കുക, അനുസരിക്കുക എന്നതാണ് അനുസരണത്തിന്റെ പടികൾ. ദൈവത്തോടും, ക്രിസ്തുവിന്റെ മാതൃകയോടും സമൂഹത്തോടും അനുസരണം ആവശ്യമാണ്. ദൈവത്തോടുള്ള വിശ്വാസവും ആശ്രയത്വവും പ്രകടമാകേണ്ടത് അനുസരണത്താലാണ്.

**7. ക്രൈസ്തവ സ്നേഹത്തിന്റെ പ്രദർശകരായി മാറുക.**

ക്രൈസ്തവ ധർമ്മശാസ്ത്രത്തിലെ അടിസ്ഥാന സുകൃതങ്ങൾ മൂന്നാണ്, വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലുത് സ്നേഹം തന്നെ എന്ന് 1 കൊരി.13:13 പറയുന്നു. മാനുഷികവും ദൈവികവുമായ ഉത്തമബന്ധങ്ങളുടെ എല്ലാം അടിസ്ഥാനം സ്നേഹമാണ്. ന്യായപ്രമാണത്തിലെ മുഖ്യ കൽപന ദൈവത്തെ സ്നേഹിക്കണം എന്നതാണ്. നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്ന് ആവ.6: 5ൽ വായിക്കുന്നു. ഈ കല്പന വലിയതും ഒന്നാമത്തേതും ആണെന്ന് കർത്താവ് എടുത്തുപറഞ്ഞു. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നതാണ് അടുത്ത കല്പന.

സ്നേഹം എന്ന ആശയത്തെ ഉറപ്പിക്കുന്ന നാലു പദങ്ങളാണ് ഗ്രീക്ക് ഭാഷയിൽ ഉള്ളത്. സ്റ്റോർഗേ എന്ന പദം കുടുംബസ്നേഹത്തെ കുറിക്കുന്നു. മാതാപിതാക്കൾക്ക് മക്കളോടും മക്കൾക്ക് മാതാപിതാക്കളോടും ഉള്ള സ്നേഹം. ഈ വാക്ക് പുതിയനിയമത്തിൽ ഉപയോഗിച്ച് കാണുന്നില്ല. ഈറോസ് എന്ന പദം പ്രേമം എന്ന അർത്ഥത്തിൽ കാണുന്നു. ഈ വാക്കും പുതിയ നിയമത്തിൽ ഇല്ല. ഫിലിയ എന്ന പ്രീയം എന്ന അർത്ഥം വരുന്ന വാക്ക് 25 പ്രാവശ്യം പുതിയ നിയമത്തിൽ കാണുന്നു. ( സൗഹൃദത്തിൽ ഉണ്ടാകുന്ന സ്നേഹം) അഗപ്പേ- കുലീനവും ദൈവികവുമായ സ്നേഹം എന്നർത്ഥം. പുതിയ നിയമത്തിൽ അഗപ്പേ 116 പ്രാവശ്യവും അതിന്റെ ക്രീയാരൂപം 142 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്.

റോമർ 5:8ൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ

> ശ്രദ്ധിക്കുക, കേൾക്കുക, അനുസരിക്കുക എന്നതാണ് അനുസരണത്തിന്റെ പടികൾ. ദൈവത്തോടും, ക്രിസ്തുവിന്റെ മാതൃകയോടും സമൂഹത്തോടും അനുസരണം ആവശ്യമാണ്. ദൈവത്തോടുള്ള വിശ്വാസവും ആശ്രയത്വവും പ്രകടമാകേണ്ടത് അനുസരണത്താലാണ്.

ആഴം വരച്ചുകാട്ടിയിരിക്കുന്നു. ക്രിസ്തുവോ, നമ്മൾ പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ദൈവസ്നേഹത്തിന്റെ ശക്തി നമുക്ക് വെളിപ്പെടുത്തിത്തരുന്നത് പരിശുദ്ധാത്മാവാണ്. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയകല്പന യേശു ശിഷ്യന്മാർക്ക് നൽകി യോഹ.13:34. ആകയാൽ മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെ പ്രദർശനശാലകളായി നമുക്ക് മാറാം.

***2. ആദിമ സഭയിൽ ക്രൈസ്തവ മൂല്യങ്ങൾ എങ്ങനെ പരിപാലിക്കപ്പെട്ടു?***

**എ. ദൈവവചനത്തിനും വിശ്വാസത്തിനും വേണ്ടി അവർ നിലനിന്നു.**

പ്രതികൂലങ്ങൾ വളരെ ഉണ്ടായിരുന്ന ആദിമ സഭയുടെ കാലത്ത് സഭാപിതാക്കന്മാരും അപ്പൊസ്തലന്മാരും തങ്ങൾ ക്രിസ്തുവിൽ നിന്ന് പഠിച്ചതും അനുഭവിച്ചറിഞ്ഞതുമായ ദൈവവചന സത്യങ്ങൾക്ക് വേണ്ടി പോരാടി. പലരും രക്തസാക്ഷികളായി മാറിയെങ്കിലും സഭ വളർന്നു പന്തലിച്ചു. ന്യായാധിപ സംഘത്തിന്റെ മുന്നിലും രാജാക്കന്മാരുടെയും നാടുവാഴികളുടെയും മുമ്പിലും ക്രിസ്തുവിനു വേണ്ടി ലജ്ജിക്കാത്ത സാക്ഷികളായി. അപ്പൊ.4: 19ൽ പത്രൊസും യോഹന്നാനും ന്യായാധിപസംഘത്തോട് ചോദിക്കുന്നു, ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ന്യായമോ എന്ന് വിധിപ്പിൻ. തിരുനാമത്തിനു വേണ്ടി അപമാനം സഹിക്കുവാൻ അവർ തങ്ങളെ തന്നെ ഏൽപ്പിച്ചു കൊടുത്തു. പ്രതികൂലങ്ങളുടെ മദ്ധ്യത്തിലും അവർ കർത്താവിനെ സേവിച്ചും സുവിശേഷ വ്യപ്തിക്കായി പട്ടണം തോറും കർത്താവിന്റെ സാക്ഷികളായി.

ഒന്നാം നൂറ്റാണ്ടിൽ സഭാപരിപാലനത്തിന് നേതൃത്വം നൽകിയത് പ്രഗത്ഭരായ ദൈവദാസന്മാരായിരുന്നു. വരങ്ങളുടേയും കൃപകളുടേയും വിളനിലങ്ങൾ. എന്നാൽ, തങ്ങളുടെ ശുശ്രൂഷകളുടെ വിജയത്തിൽ അഹങ്കരിക്കാതെ, സഭാംഗങ്ങളെ സ്വന്ത ഇഷ്ടങ്ങൾക്കനുസരിച്ച് ഭരിക്കാതെ, യേശുക്രിസ്തുവിന്റെ പരമാദ്ധ്യക്ഷതയ്ക്കു മുൻപിൽ നമ്രശിരസ്കരായി അവർ സമർപ്പിത പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. ഫലമോ, സംഖ്യാപരമായി മാത്രമല്ല, ഗുണപരമായും സഭകൾ തഴച്ചുവളർന്നു.

തുടരും..

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Date of Publishing- 7th/8th of month

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com
*Price Rs. 3/-*

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി



**ഷിബു തമ്പി**
**ന്യൂഡൽഹി**

***2013 ആഗസ്റ്റ് 15 ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യുത്ത് മൂവ്മെന്റി(എഫ്.സി. വൈ.എം)ന്റെ നേതൃത്വത്തിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്ത ഭാഗം.***

പിൻമാറ്റക്കാരെ ഇത്ര വെറുക്കപ്പെട്ടവരായി കാണുന്നത് എന്തുകൊണ്ട്? അതിനുള്ള കാരണം എബ്രായ ലേഖനത്തിലുണ്ട്: “ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ലവചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല.” (എബ്രാ. 6: 4-6.) ഈ വിഷയത്തെപ്പറ്റി പത്രൊസ് ഇങ്ങനെ പറയുന്നു: “കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്ക് ഏല്പിച്ചുകിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലു പോലെ അവർക്കു സംഭവിച്ചു.” 2 പത്രൊ.2: 20-22. പൗലൊസ് പറയുന്നു: ‘നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളിനോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിനും ബെലിയാലിനും തമ്മിൽ എന്ത് പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങളോട് എന്ത് യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ, ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ.”(2 കൊരി. 6: 14-16).ഫിലിപ്യ ലേഖനത്തിൽ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക, വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളും ആകേണ്ടതിന് എല്ലാ പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു (ഫിലി 2:14-15).

> **ക്രൈസ്തവ ധർമ്മശാസ്ത്രത്തിലെ അടിസ്ഥാന സുകൃതങ്ങൾ മൂന്നാണ്, വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലുത് സ്നേഹം തന്നെ എന്ന് 1 കൊരി.13:13 പറയുന്നു. മാനുഷികവും ദൈവികവുമായ ഉത്തമബന്ധങ്ങളുടെ എല്ലാം അടിസ്ഥാനം സ്നേഹമാണ്. ന്യായപ്രമാണത്തിലെ മുഖ്യ കൽപന ദൈവത്തെ സ്നേഹിക്കണം എന്നതാണ്. നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം**

ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ആശയം നാം ആരാണ്? ആരായിരിക്കണം എന്ന നിശ്ചയത്തോടും ലക്ഷ്യബോധത്തോടും കൂടി ജീവിക്കണം എന്നതാണ്. ഇങ്ങനെ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ജ്യോതിസ്സുകളെ പോലെ പ്രകാശിക്കുന്നതാണ് ശരിയായ വേർപാടിന്റെ ജീവിതം.

**6. ദൈവത്തോടും ദൈവവചനത്തോടുമുള്ള പൂർണ്ണമായ കൂറും സത്യസന്ധതയും അനുസരണവും ഉണ്ടായിരിക്കുക**

1പത്രൊസ് 1:15 ൽ വായിക്കുന്നു, നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവീൻ. അനുസരണം വിശുദ്ധിയിലേക്കുള്ള ഒരു ചവിട്ടുപടിയാണ്. കേൾക്കുക എന്ന

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030**

### ഉറവ

## കനകകാന്തി പരത്തുന്ന ഗാനങ്ങൾ



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

ലാളിത്യത്തിന്റെയും വിനയത്തിന്റെയും സൗമ്യതയുടെയും അച്ചടക്കത്തിന്റെയും പ്രതീകം. ദൈവസ്നേഹവും ആത്മീകതയും മാന്യതയും ബഹുമാനവും തുളുമ്പിനിൽക്കുന്ന സ്വഭാവവും വാക്കുകളും. പ്രശസ്തിക്കുവേണ്ടി പരക്കം പായാതെ ദൈവം തന്നിൽ ഭരമേല്പിച്ച ശുശ്രൂഷ വിശ്വസ്തതയോടുകൂടി ചെയ്യുന്ന സുവിശേഷകൻ. വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും ക്രൈസ്തവകൈരളിക്ക് സുപരിചിതനായ സുവിശേഷകൻ സാം. റ്റി. മുഖത്തല.

കൊല്ലം ജില്ലയിൽ മുഖത്തല ഗ്രാമത്തിൽ തെങ്ങുവിള വീട്ടിൽ പാപ്പച്ചൻ-ഏലിയാമ്മ ദമ്പതികളുടെ മക്കളിൽ ആദ്യജാതനാണ് സാം. പെന്തക്കൊസ്ത് വിശ്വാസികളും സുവിശേഷ പ്രവർത്തകരുമായ മാതാപിതാക്കൾ തികഞ്ഞ അച്ചടക്കത്തിലും ദൈവഭക്തിയിലുമാണ് മക്കളെ വളർത്തിയത്. പ്രാരാബ്ധങ്ങൾ ഉണ്ടായിരുന്നെങ്കിലും ആ കുടുംബത്തിന്റെ ആളികത്തിപടർന്നുയരുന്ന സുവിശേഷാഗ്നിയെ കെടുത്തിക്കളയുവാൻ അതൊന്നും പര്യാപ്തമായില്ല. കൊല്ലം ജില്ലയിൽ അനേകം സ്ഥലങ്ങളിൽ സുവിശേഷത്തിന്റെ ദീപശിഖ ഉയർത്തി വെളിച്ചം പരത്തി. അനന്തരഫലമായി പല പെന്തക്കൊസ്തു സഭകളും ഉടലെടുത്തു. ചാരക്കൂമ്പാരത്തിൽ നിന്നും ചിറകടിച്ചുയരുന്ന ഒരു ഫിനിക്സ് പക്ഷി പോലെ മുഖത്തലയിൽ നിന്നും മശിഹാ സന്ദേശവാഹകനായി ഇന്ന് നിരന്തരപ്രയാണത്തിലാണ് സുവിശേഷകൻ സാം.

ചെറുപ്പം മുതൽ സഭയുടെ സണ്ടേസ്ക്കൂൾ, യുവജന താലന്തുപരിശോധനകളിൽ മത്സരിച്ച് പലപ്പോഴും വിജയം കൈവരിച്ചിരുന്നു. മാത്രമല്ല കലാലയകാലത്ത് വിദ്യാർത്ഥിപ്രസ്ഥാനങ്ങൾക്കു വേണ്ടി വിപ്ലവഗാനങ്ങളും കോളജ് മാഗസിനിൽ ചെറുകഥകളും കവിതകളും എഴുതിയിരുന്നു. തന്റെ കുടുംബത്തിൽ ആർക്കും തന്നെ സംഗീതവുമായി യാതൊരുബന്ധവും ഉണ്ടായിരുന്നില്ല, പക്ഷെ ആയിരങ്ങൾ ഇന്ന് ആത്മനിറവിൽ പാടി ആരാധിക്കുന്ന അനേക ഗാനങ്ങൾ സാം റ്റി. മുഖത്തല രചിച്ച് ഈണം നല്കിയവയാണ്.

താൻ ഉൾപ്പെട്ടുനില്ക്കുന്ന സഭയിൽ ഏഴ് ദിവസത്തെ ഉപവാസപ്രാർത്ഥനയുടെ അവസാനദിവസം. 1986 ജനുവരി 2. അന്നൊരു ഞായറാഴ്ചയായിരുന്നു. ആരാധനയിൽ വച്ച് വലിയ അനുതാപവും ഭാരവും അനുഭവപ്പെട്ടു. അന്ന് യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. 1987-ൽ വിശ്വാസ സ്നാനം സ്വീകരിച്ചു. മുമ്പുതന്നെ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിരുന്നു. തുടന്ന് അല്പം ഉഴപ്പ് കലാലയകാലത്ത് വന്നുവെങ്കിലും 92-ൽ വീണ്ടും സമർപ്പണം ഉണ്ടായി. പിന്നീട് മുംബൈ, സൗദി, ബെഹറിൻ തുടങ്ങിയ സ്ഥലങ്ങളിൽ ഭൗതിക ജോലിയും അതിലുപരി സുവിശേഷ വേലയും ചെയ്തു. ഓരോ സഭകൾ അവിടെ ആരംഭിക്കുവാൻ സാധിച്ചു.

അധികം വൈകിയില്ല. തന്റെ ജോലി നഷ്ടമായി. വിവാഹം കഴിഞ്ഞു. സാമ്പത്തികം തീർന്നു. ജോലിയ്ക്കുവേണ്ടി പരിശ്രമിച്ചെങ്കിലും പരാജയമായിരുന്നു ഫലം. ശാരീരിക അസ്വസ്ഥതകളും ആശുപത്രി വാസവും എല്ലാം കൂടി തന്നെ ഒന്നിനുപുറകെ ഒന്നായി വേട്ടയാടി. ഒടുവിൽ ഒരിക്കൽ തന്റെ ഇരുചക്രവാഹനം ഓടിച്ചുവരുമ്പോൾ ഒത്തിരി കരഞ്ഞു. അധികം വൈകാതെ അകത്തുനിന്ന് ഒരു ഈണം പുറത്തേക്ക് വന്നു. അത് അക്ഷരങ്ങളും വാക്കുകളും വരികളും ചേർന്ന് ഒരു ഗാനമായി പാടിതുടങ്ങി.

കണ്ണുനീർ എന്നു മാറുമോ
വേദനകൾ എന്നു തീരുമോ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിപ്പാനായ് നീ വരണേ...

ഇന്ന് ഹിന്ദി, നേപ്പാളി, ഉറുദു, തമിഴ്, തെലുങ്ക് തുടങ്ങി പല ഭാഷകളിൽ ദൈവമക്കൾ ഈ ഗാനം പാടി ദൈവത്തോട് ഹൃദയം പങ്കുവെയ്ക്കുന്നു. ബഹറിനിൽ വച്ച് ഒരിക്കൽ ഒരു ലേഖനം എഴുതുവാൻ ഇരുന്നു, ലേഖനം എഴുതുവാൻ സാധിച്ചില്ല. പക്ഷെ ഒരു ഈണം നാവിലെത്തി അത് വരികളായി വിരിഞ്ഞു. ആരാധനയുടെ ആവശ്യകതയെ ചിത്രീകരിക്കുന്ന ഒരു മനോഹര ഗാനത്തിന് അന്ന് ജന്മം ഉണ്ടായി.

ആരാധിപ്പാൻ നമുക്ക് കാരണമുണ്ട്
കൈകൊട്ടി പാടാൻ ഏറെ കാരണമുണ്ട്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
നമ്മുടേശു ജീവിക്കുന്നു

സാമിന്റെ തൂലികയിലൂടെ ഒരു തേനരുവിപോലെ ഒഴുകിക്കൊണ്ടിരിക്കുന്ന മാധുര്യഗീതികൾ നിരവധിയാണ്. നഷ്ടങ്ങളിലും പതറിടല്ലേ, കണ്ണുനീരിലും തളർന്നീടല്ലേ, ഉന്നതൻ നീ അത്യുന്നതൻ നീ അങ്ങേ പോലൊരു ദൈവമില്ല, നാം അറിയാതെ നമുക്കായ്, ഒരു നാൾ വിട്ടു നാം പോകും, എന്റെ യേശു എനിക്കു സഹായി, സ്തുതിച്ചീടുമേ ഞാൻ, ഞാൻ നിന്നെ മറന്നാലും നീ എന്നെ, എന്റെ വേദനകളറിയുന്നവൻ തുടങ്ങി എഴുപതിലധികം ഗാനങ്ങൾ ഇതിനോടകം സംഗീതലോകത്ത് എത്തിക്കഴിഞ്ഞു.

ക്രിസ്തീയ അനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും വചനപ്രഭാഷണവേദികളിലൂടെയും കാസറ്റുകളിലൂടെയും ആയിരങ്ങളുടെ അനുഗ്രഹത്തിന് കാരണമാകുന്ന സാം. റ്റി. മുഖത്തല തന്റെ കർമ്മമേഖലയിൽ അത്യദ്ധ്വാനം തുടരുകയാണ്. തനിക്ക് അംഗത്വമുള്ള സഭ സാമിന് വേണ്ടനിലയിൽ ഉള്ള പരിഗണനയോ പ്രോത്സാഹനമോ ഇന്നുവരെ നല്കിയില്ലെങ്കിലും മറ്റനേക സഭകളും സംഘടനകളും പ്രസ്ഥാനങ്ങളും തന്നെ ആദരിച്ചുകൊണ്ടിരിക്കുന്നു. പരിഭവങ്ങളും പരാതികളും പുറത്തുപറയാതെ കനകകാന്തി പരത്തുന്ന ശുശ്രൂഷകളുമായി താൻ സുവിശേഷ യാത്ര തുടരുകയാണ്.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*